പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.999 — 29.9.2011ൽ മറുപടിക്ക്

## മലയോരകർഷകർക്ക് പട്ടയം നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ഗുരുദാസൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.ബി.സത്യൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു.റവന്യൂവകുപ്പ് മന്ത്രി) |
| (എ) മലയോരകർഷകർക്ക് ഉപാധിരഹിത പട്ടയം നൽകാൻ മുൻസർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് ഈ സർക്കാർ പുതുക്കാതിരുന്നിട്ടുണ്ടോ;<br><br>(ബി)1977ജനുവരി ഒന്നിനു മുൻപ് വനഭൂമിയിൽ കുടിയേറിയത് സാധൂകരിക്കേണ്ടതില്ലെന്ന് ഈ സർക്കാരിന് അഭിപ്രായമുണ്ടോ; എങ്കിൽ ഓർഡിനൻസ് പുതുക്കാതിരുന്നത് എന്തുകൊണ്ടാണ്;<br><br>(സി) ഓർഡിനൻസ് പുതുക്കാതിരുന്നതുമൂലം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയുടെ സാധുത ആശങ്കയിലായിട്ടുണ്ടോ? | (എ) (ബി)&(സി) 1/1/1977നു മുമ്പുള്ള വനഭൂമി കൈവശക്കാർക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിനുള്ള 1993ലെ പ്രത്യേകചട്ടങ്ങളിലെ കൈമാറ്റത്തിനുള്ള വിലക്ക് നിഷ്കർഷിക്കുന്ന ചട്ടം 15(1) ഭേദഗതി ചെയ്ത് 16/11/2010ലെ (പി) 456/10/റവന്യൂനമ്പറായി 18/11/2010ലെ 1058-ാം നമ്പർ അസാധാരണ ഗസറ്റായി വിജ്ഞാപനവും പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടത്തിന് മുൻകാലപ്രാബല്യം ലഭിക്കുന്നതിനായി 1960ലെ കേരളഭൂമി പതിവ് നിയമത്തിലെ 7-ാംവകുപ്പ് ഭേദഗതി ചെയ്യേണ്ടതുള്ളതിനാൽ അതിനായുള്ള ബിൽ നടപ്പുനിയമ സഭാ സമ്മേളനത്തിൽ അവതരിപ്പിക്കുകയും ആയത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് |

Vijeen
സെക്ഷൻ ഓഫീസർ